## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 19 .10.2022 മുതൽ 23 .10.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 42/2022,(83) ചൊവ്വാഴ്ച | തീയ്യതി 18/10/2022 |
|---|---|

### 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:

| മഴ (മി.മി) | ഉയർന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകരണം (മി.മി) |
|---|---|---|---|---|---|---|---|
| (23.4) | (31.0-33.8) | (21.6-24.5) | (91-96) | (57-72) | (0.9-1.9) | (1.1-9.4) | (2.5-3.4) |

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 19.10.2022 | 20.10.2022 | 21.10.2022 | 22.10.2022 | 23.10.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 66 | 35 | 35 | 18 | 15 |
| ഉയർന്ന താപനില (°C) | 33 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 4 | 4 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 250 | 250 | 250 | 270 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 7 | 7 | 8 |

**കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.**

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഒക്ടോബർ 19 | 2022 ഒക്ടോബർ 20 | 2022 ഒക്ടോബർ 21 | 2022 ഒക്ടോബർ 22 | 2022 ഒക്ടോബർ 23 |
|---|---|---|---|---|
| ശക്തമായ മഴ | സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ | സാമാന്യം ഭേദപ്പെട്ട മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് – മുണ്ടകൻ | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ആരംഭിക്കാം. സ്യൂഡോമൊണാസ് കൽച്ചറിൻറെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിനുള്ള സമ്പൂർണ വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| നെല്ല് | ഓലച്ചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷാവസ്ഥയിൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 2 മില്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| പച്ചക്കറികൾ (വെള്ളരിവർഗ്ഗങ്ങൾ) | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. (CAADECCS, KVASU, Mannuthy).